# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2911 07.02.2018 ൽ മറുപടിക്ക്**

**റസ്റ്റ് ഹൗസുകളുടെ നവീകരണം**

| ചോദ്യം<br>ശ്രീ.സി.ദിവാകരൻ | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) എല്ലാ റസ്റ്റ്ഹൗസുകളിലും അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തിയാക്കുകയും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയുള്ള നവീകരണ പ്രവൃത്തികൾ നടന്നു വരികയുമാണ്. പഴയ ഫർണിച്ചറുകൾ, കർട്ടനുകൾ, ബഡ് ഷീറ്റുകൾ എന്നിവ മാറ്റി പുതിയവ വാങ്ങുന്നതിനും, ചുറ്റുമതിൽ ഇല്ലാത്ത വിശ്രമ മന്ദിരങ്ങളിൽ ചുറ്റുമതിലോ അതിർത്തിക്കല്ലുകളോ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച വരുന്നു. ജല ദൗർലഭ്യം ഉള്ള റസ്റ്റ് ഹൗസുകളിൽ കുഴൽ കിണർ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. MLA/MP/Ex-MLA/ Ex-MP എന്നിവർക്ക് സർക്കാർ ഗസ്റ്റ് ഹൗസുകളിലേതുപോലെയുള്ള സൗകര്യങ്ങൾ റസ്റ്റ് ഹൗസുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. റസ്റ്റ് ഹൗസ് പരിസരവും അകവും വൃത്തിയായി പരിപാലിച്ച വരുന്നതോടൊപ്പംതന്നെ ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികളും കൃത്യമായി നിർവ്വഹിച്ച് വരുന്നു. എല്ലാ റസ്റ്റ് ഹൗസുകളിലും യൂണിഫോം ഏർപ്പെടുത്തുകയും വാടകകൂട്ടി അനധികൃതതാമസം ഒഴിവാക്കിയിട്ടുമുണ്ട്. നെടുമങ്ങാട് റസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിട നിർമ്മാണം, വെഞ്ഞാറമൂട് റസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിട നിർമ്മാണം, ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ |

| | |
|---|---|
| | അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണം, കായംകുളം റസ്റ്റ് ഹൗസിന്റെ നവീകരണ പ്രവർത്തനം, കോട്ടയം റസ്റ്റ് ഹൗസിലെ അഡീഷണൽ ബ്ലോക്ക് നിർമ്മാണം, മലപ്പുറം ജില്ലിയിലെ പി.ഡബ്ല്യൂ.ഡി.റസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിട നിർമ്മാണം, പത്തനംതിട്ട ജില്ലയിലെ പുതിയ വി.ഐ.പി. ബ്ലോക്കിന്റെ നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ പുതിയതായി 11 പ്രവൃത്തികളുടെ ഭരണാനുമതിയ്ക്കായുള്ള ശിപാർശകൾ പരിശോധിച്ചുവരുന്നു. കൂടാതെ അടുത്ത വർഷത്തെ ബഡ്ജറ്റിൽ (18-19) ഉൾപ്പെടുന്ന നവീകരണ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരികയുമാണ്. |
| (ബി) ഇതിനായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ? | (ബി) പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് നവീകരണ പ്രവൃത്തികൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 1080.06 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**